യൂണിറ്റ് എന്ന ഒരു സ്ഥിരം സംവിധാനം നിലവിലുണ്ട്. ഓരോ മാസവും ഈ വകുപ്പിൽനിന്ന് പദ്ധതികളുടെ പുരോഗതി മുഖ്യമന്ത്രിയെ അറിയിക്കാറുണ്ട്. ഇതു കൂടാതെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നുണ്ട്. എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ടുകളുടെ നടത്തിപ്പ് അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി നിലവിലുണ്ട്. ഇവയ്ക്കുപുറമേ പ്രധാന ഘട്ടങ്ങളിൽ പദ്ധതികളുടെ നടത്തിപ്പ് മുഖ്യമന്ത്രിയും അവലോകനം ചെയ്യുന്നുണ്ട്.

സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

*29 [412] *ശ്രീ. വി. കെ. ചന്ദ്രൻ:*
" *മഞ്ഞളാംകുഴി അലി:*
" *വി. കെ. സി. മമ്മത്കോയ:*
" *കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്തതായി കരുതിയിരുന്ന സാംക്രമിക രോഗങ്ങൾ മാരകമായവിധം പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത്തരം സാംക്രമിക രോഗങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സാംക്രമിക രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് മുൻകാലങ്ങളിൽ നടത്തിയിരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ നിർത്തിവച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ കാരണങ്ങൾ പറയാമോ;

(എഫ്) നിർമ്മാർജ്ജനം ചെയ്യപ്പെട്ട സാംക്രമിക രോഗങ്ങൾ വീണ്ടും പടർന്നു പിടിക്കാതെ തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും നിരീക്ഷിക്കുവാനും ജില്ലാതല നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) നേരിയ തോതിൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർമ്മാർജ്ജനം ചെയ്തിരുന്ന മലമ്പനിരോഗം തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിനു പുറത്തുനിന്നും വരുന്ന ചിലരിൽ മലമ്പനി രോഗബാധ കണ്ടെത്തിയിട്ടുണ്ട്. 2004-ൽ കണ്ടെത്തിയിട്ടുള്ള മലമ്പനി രോഗബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	233
കൊല്ലം	..	170
പത്തനംതിട്ട	..	205
ആലപ്പുഴ	..	218
കോട്ടയം	..	78
ഇടുക്കി	..	65
എറണാകുളം	..	150
തൃശ്ശൂർ	..	218
പാലക്കാട്	..	187
മലപ്പുറം	..	233
കോഴിക്കോട്	..	182
വയനാട്	..	50
കണ്ണൂർ	..	278
കാസർഗോഡ്	..	523

(സി) പനി പിടിപെട്ടവരുടെയും അവരോടൊപ്പം താമസിക്കുന്നവരുടെയും അയൽപക്കത്തുള്ളവരുടെയും രക്തം പരിശോധനയ്ക്ക് വിധേയമാക്കുന്നു. മലമ്പനി രോഗബാധയുണ്ടെന്ന് കണ്ടെത്തിയാൽ അവർക്ക് സമ്പൂർണ്ണ ചികിൽസ നൽകുന്നു. രോഗപകർച്ച തടയുന്നതിലേക്കായി കൊതുകുനിയന്ത്രണ മാർഗ്ഗങ്ങൾ അതായത് ഫോഗിംഗ്, കീടനാശിനി തളിക്കൽ, കൂത്താടിനാശിനി തളിക്കൽ, ജലാശയങ്ങളിൽ മൽസ്യക്കുഞ്ഞുങ്ങളെ വളർത്തൽ എന്നീ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ നടത്തിവരുന്നു. ഇതിനുപുറമേ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) നിർമ്മാർജ്ജനം ചെയ്യപ്പെട്ട സാംക്രമികരോഗങ്ങൾ വീണ്ടും പടർന്നു പിടിക്കാതെ തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ബ്ലോക്ക്തലത്തിലും കർമ്മ സമിതികൾ രൂപീകരിച്ച് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 400 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഒരു വർഷത്തെ കർമ്മപദ്ധതി

1 [2305] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പ്രഖ്യാപിച്ച ഒരു വർഷത്തേക്കുള്ള കർമ്മപദ്ധതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കർമ്മപദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് മൊത്തം എന്തു തുക അധികച്ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2005-2006 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച ബജറ്റിലെ പരിപാടികൾക്കും പദ്ധതികൾക്കും പുറമേയാണോ പ്രഖ്യാപിത കർമ്മപദ്ധതി എന്ന് വെളിപ്പെടുത്താമോ;

(ഡി) കർമ്മപദ്ധതി നടപ്പിൽവരുത്താനാവശ്യമായ അധികചെലവ് ഏതെല്ലാം നിലയിൽ സമാഹരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കർമ്മ പദ്ധതിക്ക് മാത്രമായി കണക്കാക്കിയിട്ടില്ല.

(സി) പ്രധാനമായും 2005-2006 സാമ്പത്തികവർഷത്തേക്ക് അവതരിപ്പിച്ച ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ്.

(ഡി) 2005-2006 വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഭവ സമാഹരണം.

നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി തീർപ്പാക്കിയ ഫയലുകൾ

2 [2306] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകളിൽ കുടിശ്ശികയായിക്കിടക്കുന്ന എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിക്കുകയുണ്ടായി;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly